**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5818** **08-11-2021 - ൽ മറുപടിയ്ക്ക്**

**കേരള ഹാന്റി ക്രാഫ്റ്റ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ ജി സ്റ്റീഫൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കേരള ഹാന്റി ക്രാഫ്റ്റ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്. കഴിഞ്ഞ വർഷങ്ങളിൽ കരകൗശല മേഖലയുടെ സമഗ്ര വികസനം മുൻനിർത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വർഷങ്ങളായുള്ള ഈ മേഖലയുടെ പ്രവർത്തന മാന്ദ്യം മാറ്റിക്കൊണ്ട് ഒട്ടനവധി നൂതന പദ്ധതികളാണ് നടപ്പിലാക്കിയത്. കഴിഞ്ഞ വർഷങ്ങളിലെല്ലാം തന്നെ കരകൗശല വിപണന മേഖലയിൽ വിവിധ വെല്ലുവിളികൾ നേരിടേണ്ടി വന്നിട്ടുണ്ട്. കേരളത്തിലുണ്ടായ മഹാപ്രളയം, നിപ്പാ വൈറസ്, കോവിഡ് മഹാമാരി തുടങ്ങിയവ ടൂറിസം മേഖലയെയും അതോട് ബന്ധപ്പെട്ട വിപണനം ഉള്ള കരകൗശല വിപണന മേഖലയെയും പ്രതികൂലമായി ബാധിച്ചിരുന്നു. ഇത്തരം പ്രതിസന്ധികളെ അതിജീവിക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. 1. വിപണന മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ എസ്.എം.എസ്.എം ഇൻസ്റ്റിറ്റ്യൂട്ടിനോട് ചേർന്ന് സെൻറിനറി ബിൽഡിംഗ് പൂർത്തീകരിച്ചു. 2. സെന്റിനറി ബിൽഡിംഗിൽ 4000 ചതു. അടി വിസ്തീർണ്ണത്തിൽ ആധുനിക സൗകര്യങ്ങളോടെയുള്ള പ്രമേയാധിഷ്ഠിത ഷോറൂം ആരംഭിച്ചു. ഇത് ഈ മേഖലയിലെ ഒരു നൂതന കാൽവയ്പാണ്. ഇവിടെ വിവിധ ക്രാഫ്റ്റിലുള്ള പ്രദർശനങ്ങൾ ആരംഭിക്കും. 3. ഓൺലൈൻ വിപണനത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ www.handicrafts.kerala.gov.in എന്ന സ്വന്തം വെബ്സൈറ്റ് പരിഷ്കരിക്കുകയും അതോടൊപ്പം ആമസോൺ, ഫ്ളിപ്കാർട്ട് എന്നീ ഇ-കോമേർസ് പ്ലാറ്റ്ഫോമുകളിൽ ഓൺലൈൻ സെയിൽസ് ആരംഭിക്കുകയും ചെയ്തു. ഇത് നല്ല |

രീതിയിൽ പുരോഗമിച്ച് വരുന്നു. 4. കോവിഡ് പ്രതിരോധ സാമഗ്രികൾ വിവിധ തരം കരകൗശല വസ്തുക്കൾ ഉപയോഗപ്പെടുത്തി സാനിറ്റൈസർ ഡിസ്പെൻസർ പെഡൽ സ്റ്റാൻറ്, എലഫെൻറ്ഹെഡ് സാനിറ്റൈസർ ഡിസ്പെൻസർ തുടങ്ങിയവ നിർമ്മിച്ച് വിപണിയിലെത്തിച്ചു. 5. എസ്.എം.എസ്.എം. ഇൻസ്റ്റിറ്റ്യൂട്ടിനോട് ചേർന്ന് സ്പൈസസ് ഇൻ ക്രാഫ്റ്റ്സ് എന്ന ആശയത്തിൽ സുഗന്ധവ്യഞ്ജനവും കരകൗശലവും ചേർന്നുള്ള ഒരു ഷോറൂം ആരംഭിച്ചു. 6. കരകൗശല മേഖലയുടെ പുരോഗതിക്കായി വിവിധ സ്ഥലങ്ങളിലായി 49 എക്സിബിഷൻ, 18 ക്രാഫ്റ്റ് ബസാർ, 01 ഗാന്ധിശില്പ ബസാർ എന്നിവയും സംഘടിപ്പിച്ചു. 4085 ഓളം ആർട്ടിസാൻമാർക്ക് ഇതിലൂടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇത് കൂടാതെ കഴിഞ്ഞ കാലങ്ങളിലെ കരകൗശല മേഖല നേരിട്ടിരുന്ന പ്രധാന പ്രശ്നങ്ങൾക്ക് പരിഹാരമായി താഴെപ്പറയുന്ന വിവിധ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. 1. ക്ളസ്റ്റർ ഡവലപ്മെൻറ് - പൊതുസേവന കേന്ദ്രങ്ങൾ - ഒരു പ്രത്യേക ക്രാഫ്റ്റിൽ പ്രാവീണ്യം സിദ്ധിച്ച ഒരു കൂട്ടം ശില്പികൾക്ക് ഉൽപന്നങ്ങൾ നിർമ്മിക്കുവാനും പരിശീലിപ്പിക്കുവാനും പുതിയ ഡിസൈനുകളും വൈവിധ്യമാർന്ന ഉൽപന്നങ്ങൾ നിർമ്മിക്കുവാനും സഹായകകരമായ സാഹചര്യങ്ങൾ ഒരുക്കുന്ന സംവിധാനമാണ് പൊതുസേവന കേന്ദ്രങ്ങൾ. ഇത്തരം പൊതുസേവന കേന്ദ്രങ്ങൾ കൊണ്ട് ഉൽപന്നങ്ങളുടെ നിർമ്മാണ ചെലവ് കുറയ്ക്കുവാനും, ഉയർന്ന ഗുണ നിലവാരം ഉറപ്പ് വരുത്തുവാനും സമയബന്ധിതമായി ഉൽപന്നങ്ങൾ നിർമ്മിക്കുവാനും സാധിക്കും. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കരകൗശല വികസന കോർപ്പറേഷൻ താഴെ പറയുന്ന സ്ഥലങ്ങളിലായി മൂന്ന് പൊതുസേവന കേന്ദ്രങ്ങൾ (സി.എഫ്.സി.) സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 1970 കളിൽ സ്ഥാപിച്ച അട്ടക്കുളങ്ങര സി.എഫ്.എസ്.സി യ്ക്ക് ശേഷം ആദ്യമായാണ് പുതിയ സി.എഫ്.സി കൾ സ്ഥാപിക്കുന്നത്. 1. കുഞ്ഞിമംഗലം, കണ്ണൂർ- ബെൽമെറ്റൽ ക്രാഫ്റ്റ് 2. ചേർപ്പ്, തൃശ്ശൂർ - മരാധിഷ്ഠിത ക്രാഫ്റ്റ് 3. കടവൂർ, കൊല്ലം - സ്ക്രൂപൈൻ ക്രാഫ്റ്റ് പൊതുജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കരകൗശലമേഖലയെകുറിച്ചുള്ള അവബോധം വളർത്തുന്നതിനായി ക്രാഫ്റ്റ് അവയർനെസ്സ് പ്രോഗ്രാമുകൾ (സി.എ.പി) സംഘടിപ്പിച്ചിട്ടുണ്ട്. വിവിധജില്ലകളിലായി 27 ക്രാഫ്റ്റ് അവയർനെസ്സ് പ്രോഗ്രാമുകൾ ഇതിനോടകം സംഘടിപ്പിച്ചുകഴിഞ്ഞു. 2800 പേർ ഇതിൽ പങ്കെടുത്തു. 2. നൈപുണ്യ

| | | | |
|---|---|---|---|
| | | | വികസന പദ്ധതി- തിരുവനന്തപുരം നെട്ടയത്ത് ബനാനാ ഫൈബർ ക്രാഫ്റ്റിൽ ഒരു സ്കിൽ ഡവലപ്മെൻറ് പ്രോഗ്രാം നടത്തുകയും ഇതിൽ 30 ആർട്ടിസാൻമാർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. 3. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനുമായി 01 ഇൻറഗ്രേറ്റഡ് ഡിസൈൻ ഡെവലപ്മെന്റ് പ്രോജക്ട്, 10 ഡിസൈൻ & ടെക്നോളജി വർക്ക്ഷോപ്പുകൾ പൂർത്തിയാക്കി. ഈ പരിപാടിയിലൂടെ 340 ആർട്ടിസാൻമാർക്ക് പരിശീലനം നൽകുകയും 160 പുതിയ പ്രോട്ടോറ്റൈപ്പുകൾ നിർമ്മിക്കുകയും ചെയ്തു. 4. കരകൗശല തൊഴിലാളികൾക്ക് 5 ക്രാഫ്റ്റുകളിൽ സൗജന്യമായി 1030 ടൂൾകിറ്റുകൾ വിതരണം ചെയ്തു. 5. കേരളത്തിലെ കരകൗശല മേഖലയുടെ പ്രാധാന്യവും കൂടാതെ കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ കുറിച്ചുള്ള വിവരങ്ങളും പൊതുജനങ്ങളിൽ എത്തിക്കുന്നതിനും പൊതുജനങ്ങളിൽ കരകൗശല മേഖലയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ഉദ്ദേശിച്ച് കൊണ്ട് 'ദാരുശില്പം' എന്ന ഒരു ഹ്രസ്വചിത്രം നിർമ്മിച്ചു. |
| (ബി) | വിവധ തരത്തിലുള്ള കരകൗശല തൊഴിലാളികളെ കണ്ടെത്തി അവരുടെ കൈത്തൊഴിലുകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന ധനസഹായ പദ്ധതികളുടെ വിശദാംശം അറിയിക്കുമോ? | (ബി) | ദേശീയ പിന്നാക്ക വികസന കോർപ്പറേഷന്റെ (NBCFDC) ധനസഹായത്തോടെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട ആർട്ടിസാൻ വിഭാഗക്കാർക്ക് സ്വയം തൊഴിൽ തുടങ്ങുന്നതിനായി കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ നൽകി വരുന്നുണ്ട്. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ തനത് ഫണ്ട് വിനിയോഗിച്ച് ധനസഹായ പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ